ഷബിത
വര: സുനിൽ അശോകപുരം

# മന്ദാക്രാന്താ മഭനതതഗം

> “ചന്തുവാശാൻ നീട്ടിയ കാശ് വാങ്ങാൻ പോയപ്പോൾ മൂപ്പര് പാവാട പൊക്കിക്കാണിച്ചു കൊടുക്കാൻ പറഞ്ഞു. ഞാൻ പാവാട പൊക്കിക്കൊടുത്തു, മൂപ്പരൊരു ഉമ്മ വച്ചു. ഇരുപത്തഞ്ച് പൈസേം തന്നു. അതുകൊണ്ട് അഞ്ച് സൂര് മുട്ടായി വാങ്ങി.”

“കുഞ്ഞാ...”

ലൈല മൃദുലമായി വിളിച്ചതു കേട്ട് ഭാർഗവൻ പൊട്ടിച്ചിരിച്ചുപോയി. പത്തറപത് വയസ്സായോനെ കുഞ്ഞാന്ന്, ഇതുനല്ല കഥ! ഇതിനാണോ ഇരുനൂറ്റമ്പത് ഗൂഗിൾപേയും ചെയ്ത് ഇരുട്ടാവാൻ കാത്തുനിന്നത്.

നിനക്കെന്നെപ്പറ്റി എന്തറിയും പെണ്ണേ  എന്ന് പറയാനാഞ്ഞതും ഭാർഗവൻ വിഴുങ്ങി. ആദ്യമേ ചടപ്പിക്കണ്ട.

അപ്പുറത്തെ മൗനം ഭാർഗവന്റെ നെഞ്ചിടിപ്പ് കൂട്ടി. ഫോൺ കട്ടാക്കിയോ?

“ഈ ലൈലേടെ മടീൽ കെടന്നാ എല്ലാരും കുഞ്ഞാണെന്റെ പൊന്നേ.” ഫീൽഡ് ചെയ്യുമ്പോൾ തട്ടിത്തടഞ്ഞു വീഴാനാഞ്ഞ പന്തിനെ പിടുത്തം കിട്ടിയമാതിരി ലൈല ഒന്നു പരിശ്രമിച്ചു.

“കുഞ്ഞാ ഞഞ്ഞാന്നൊന്നും വേണ്ട, വേഗം കാര്യം തീർക്കാം. അരമണിക്കൂറിന് ഇരുനൂറ്റമ്പത് വാങ്ങിയ ഇനമല്ലേ നീയൊക്കെ. പൈസ കൊടുക്കുകാന്ന് വച്ചാൽ കലിപ്പാണ് ഭാർഗവന്.”

ലൈലയ്ക്ക് ചിരി വന്നു. എന്നാപ്പിന്നെ ആ ഇരുനൂറ്റമ്പത് ഇടുപ്പിൽ തിരുകി കൈ രണ്ടും അവിടെ വച്ചങ്ങ് ഉറങ്ങിയേര്. അഞ്ചുനിമിഷങ്ങൾക്കകം ലൈലേടെ അക്കൗണ്ടിൽ കയറിയ ഇരുനൂറ്റമ്പത് തിരിച്ചങ്ങോട്ട് പറന്നു വരുന്നത് കാണണോ?

ഭാർഗവനൊന്ന് ഞെട്ടി. അതല്ല പെണ്ണേ, എനിക്കെന്തോ കുഞ്ഞാന്ന് വിളിച്ചപ്പോ...

നിങ്ങടെ പേരെന്താന്നാ പറഞ്ഞേ. ലൈല അല്പം താല്പര്യക്കുറവോടെ ചോദിച്ചു.

ഭാസി. ഭാസ്കരൻ. മറുപടിയിൽ ആശാനും ഒന്നു വിക്കി.

ഓഹോ എന്നിട്ടെന്താ അക്കൗണ്ടിൽ ഭാർഗവൻന്ന് കാണിച്ചേ?  ഇക്കാര്യത്തിലെങ്കിലും അല്പം നേരും നെറിയും കാണിച്ചൂടെ മച്ചൂനാ. പറ്റിപ്പ് ലൈലയോടാണ്. നടന്നത് തന്നെ!

ഭാർഗവൻ അടിമറിഞ്ഞു. നോ വേഡ്സ്, നോ ആക്ഷൻ നോ കമന്റ്.

ഭാഗീ..

ഉം?

നീയെന്താടാ ഉറങ്ങാത്തേ...

ഉറക്കം വരുന്നില്ലെന്റെ പെണ്ണേ...

അതുകേട്ടതും ലൈല ഒരു മക്കാറ് ചിരിവരുത്തി. എന്റെ പെണ്ണ്! നിങ്ങളാണുങ്ങൾടെ ക്ളീഷേ കേൾക്കുമ്പോ...ബാക്കി വന്നത് ലൈല പറഞ്ഞില്ല. അന്നം തരുന്നവനെ അടിമയാക്കാനേ പാടുള്ളൂ. അതിലപ്പുറം വേണ്ട.

ലൈല കിടന്നകിടപ്പിൽ ഒന്നൂർന്നു. ഇടയ്ക്ക് വന്ന ഇൻകമിങ് കോള് ഇഗ്നോർ ചെയ്ത് സമയം നോക്കി. ഒമ്പതര സമയം കൊടുത്ത നമ്പർ നാലാമത്തെ മിസ്ഡ് കോളാണ് തരുന്നത്. ഇവനെയൊന്നും മാസം തികഞ്ഞല്ലായിരുന്നോ തള്ള പെറ്റത്?

“നീ അയച്ചുതന്ന ഫോട്ടോയിലേതുപോലെ പൂച്ചക്കണ്ണുണ്ടോ സത്യത്തിൽ നിനക്ക്, പറ്റിപ്പാണോ?”

ഭാഗിയെന്തോ ഫേസ്ആപ്പൊക്കെ ഓർത്തുപോയി അന്നേരത്തിനിടയ്ക്ക്.

ലൈല കുണുങ്ങിച്ചിരിച്ചു.

“മൈസൂർക്കല്യാണം കൊണ്ട് എന്റുമ്മാക്ക് ആകെ കിട്ടിയ പിടിവള്ളി ഈ പൂച്ചക്കണ്ണാണ് കുഞ്ഞേ... ബാപ്പായൊരു പൂച്ചക്കണ്ണനാർന്ന്.”

“ലൈലാ നീയിത്ര വെളുത്തിട്ടാണോ?”

“ഭാഗീ, ഞാനയച്ചു തന്നത് അഞ്ചുവർഷം മുന്നത്തെയാ, പിന്നെ ഫോട്ടോയൊന്നും എടുത്തില്ല.” ഇരുനൂറ്റമ്പതിൽ ഒതുങ്ങിപ്പോകുമോ എന്ന ഭയം ലൈലയിലുണ്ടായിരുന്നു.

“സാരമില്ല നിനക്കഞ്ച് വയസ്സ് കുറവാണെന്ന് ഞാൻ ആശ്വസിക്കാം.” ഭാഗി പറഞ്ഞു.

“അതെന്താ അങ്ങനെയൊരാശ്വാസത്തിന്റെ വക?” ലൈലയ്ക്ക് ചോദിക്കാതിരിക്കാനായില്ല.

“ഇളപ്പം ഒരു സുഖമല്ലേ ലൈലാ...”

ലൈല ഒന്ന് തിരിഞ്ഞുകിടന്നു.

“ലൈലാ...”

ഉം...

നമുക്ക് തുടങ്ങണ്ടേ?

"ഞാനാദ്യായിട്ടാ ഇങ്ങനൊര്"... ഭാഗി വിക്കി...വിങ്ങി...

"പെണ്ണുമ്പിള്ള ഉറക്കമാണോ? അതോ പൊരേൽ പോയോ, അതോ പിള്ളാർടെ കൂടെയാണോ? ഇടയ്ക്ക് വച്ച് ഞാൻ വിളിക്കാം, ഓള് വര്ന്ന്, പിള്ളാര് വര്ന്ന് എന്നൊന്നും പറഞ്ഞേക്കല്ല്. അത് മാത്രം എനിക്ക് കലിപ്പാ." ലൈല കടുപ്പിച്ചു.

"ഇല്ല ലൈലാ, ഇവിടാരൂല്ല. എന്റെ അരമണിക്കൂറിപ്പോ തീരും. ഒരു മാസത്തെ കറണ്ട് ബില്ല് പോലും ഇരുനൂറ്റമ്പതായിട്ടില്ല എനിക്കിതുവരെ." പൈസയുടെ കാര്യം വരുമ്പോൾ ഭാഗീടെ തനിക്കൊണം അയാള് പോലുമറിയാതെ പുറത്തുവന്നുപോകും.

"അത് പേടിക്കണ്ട, കാര്യം കഴിഞ്ഞിട്ടേ ലൈല വിടൂ. അതിന് മണിക്കൂറൊന്നും ലൈലയ്ക്ക് പ്രശ്നല്ല." ലൈല കട്ടസപ്പോർട്ട് കൊടുത്തപ്പോളാണ് പൈസയുടെ കാര്യത്തിൽ ഭാഗിയൊന്ന് ആശ്വാസമയച്ചത്.

"ഇതുകേൾക്കുമ്പോൾ നിന്നെയെനിക്ക്..." ഭാഗി സത്യത്തിലും കിതച്ചു.

"എനിക്ക്?" ലൈലയും റെയിലിൽ കയറി. ഇനിയും എൻജിൻ സ്റ്റാർട്ടാക്കിയില്ലേൽ പണിപാളും.

"താമരപ്പൊയ്കയിൽ നീന്തിത്തുടിക്കുന്ന ദ്രൗപദിയെപ്പോലെ തോന്നുന്നു." നാവിൽ വേറൊന്നും കിട്ടാഞ്ഞ് ഭാഗി തട്ടിവിട്ടു.

"ഉപമ! അജ്ജാതി സാധനങ്ങൾക്കൊക്കെ അങ്ങനല്ലേ പറയ്യ. ഇപ്പളത്തെ പിള്ളാര് പറേന്ന പോലെ എന്തോരു ദുരന്തമാണിപ്പാ. ഇക്കാലത്തും ദ്രൗപദിയെന്നൊക്കെ പറയാൻ." ലൈല വീണ്ടും അടിമപ്രസ്ഥാനത്തിലേക്ക് ശ്രദ്ധതിരിച്ചു.

"അയ്യട കള്ളീ ഉപമയൊക്കെ അറിയാല്ലേ...എത്രവരെ പഠിച്ചതാ? ഞാനൊരു പഴയ വാധ്യാരാ."

ഭാഗിയിലെ അധ്യാപകനുണർന്നു.

"ഒന്നിനൊന്നോട് സാദൃശം ചൊന്നാൽ ഉപമ. അവർണ്യത്തോട് വർണ്യത്തിന്നഭേദം ചൊൽക രൂപകം. മറ്റൊന്നിൻ ധർമയോഗത്താലതുതാനല്ലയോ ഇത് എന്ന് വർണ്യത്തിലാശങ്ക ഉൽപ്രേക്ഷ, ചൊല്ലുള്ളതിൽ കവിഞ്ഞുള്ളതെല്ലാമതിശയോക്തിയാം, അപ്രസ്തുതപ്രശംസാഖ്യമപ്രസ്തുതമുരയ്ക്കതാൻ, അനേകമനേകധർമ്മത്തിലന്വയിപ്പതു ദീപകം, സാദൃശ്യത്താൽ സ്മൃതി ഭ്രാന്തിസ്നേഹങ്ങൾ കഥിക്കുകിൽ, സ്മൃതിമാൻ ഭ്രാന്തിമാൻ പിന്നെ സസന്ദേഹവുമായിടും. വിരോധം തോന്നുമാറുക്തി..." ലൈല കിതച്ചു.

"മതി, മതി. ഞാൻ വെറുതേ ചോദിച്ചു പോയതാണെന്റെ പൊന്നോ..."ഭാഗി തലയിൽ കൈവച്ചു.

നായയ്ക്ക് കിട്ടിയ മുഴുവൻ തേങ്ങപോലെ ഭാഗിയുടെ ഫോണിലിരുന്ന് ലൈല വിറച്ചു.

"ഭാഗീ ഞാനിതെല്ലാം ഒറ്റശ്വാസത്തിൽപറഞ്ഞു പഠിച്ചതേ പങ്കൻ മാഷിനെ പേടിച്ചായിരുന്നു."

"പണ്ടുള്ള വാധ്യാര് കൊണോൻമാരൊക്കെ അങ്ങനായ്ര്ന്ന്. പട്ടീനെ തല്ലുമ്പോലെ തല്ലീട്ടാ എഞ്ചുവടീം കഖഗഘങയുമൊക്കെ പഠിപ്പിക്കുക." താനൊരു ന്യൂജനാണെന്ന് തോന്നുമാറുക്തി ഉണ്ടാകുമെങ്കിൽ ആയിക്കോട്ടെ എന്ന മട്ടിൽ 'പണ്ടി'ന് സ്ട്രസ് കൊടുത്തു ഭാഗി.

"ഭാഗീ, എനിക്ക് വല്ലാതെയാവ്ന്ന്."

"അത് ശരി! എന്റെ വല്ലായ്മ മാറ്റാൻ എന്നോട് പണം വാങ്ങി ഇപ്പൊ വല്ലായ്മ അവിടാണോ?"

"ഭാഗീ, എനിക്ക് പങ്കനെന്ന പേര് തന്നെ പ്രശ്നണ്ടാക്കും. ആ പങ്കമ്മാഷൊഴിച്ച് ലോകത്ത്ള്ള ബാക്കിയെല്ലാ പങ്കമ്മാഷ്മ്മാരോടും മാപ്പ്" ലൈല പിറുപിറുത്തു.


"മൂപ്പരെങ്ങനാർന്നു?" ആ പിറുപിറുക്കൽ ഭാഗിയ്ക്ക് നന്നേ ഇഷ്ടപ്പെട്ടു.

"അല്ല, കുഞ്ഞേ, പങ്കനെപ്പറ്റിയൊന്നും പറയാൻ നേരല്ല. അടുത്തത് ഒരു ഗ്രൂപ്പ് കോളാണ്. മൂന്നെണ്ണത്തിനെ ഒന്നിച്ച് മേക്കണം. ആളെണ്ണം ആയിരം തരാന്ന് പറഞ്ഞിട്ടാ സമ്മതിച്ചേ. യൂത്തന്മാരാണ്. ഐറ്റമൊക്കെ കണ്ടുപിടിക്കണം. അക്കൗണ്ടിൽ പൈസയിട്ടതിന്റെ സ്ക്രീൻ ഷോട്ട് വരാന്തൊടങ്ങി. അതിനെടേൽ പങ്കനെ ഓർക്കാനൊക്കൂല." ഫോണമർത്തിക്കൊണ്ട് ലൈല പറഞ്ഞു.

"അപ്പോ,ഇട്ടേച്ച് പോക്വാണോ? നേരമൊന്നും ലൈലയ്ക്ക് ഒരു പ്രശ്നമല്ലാന്ന് പറഞ്ഞിട്ട്."

"പൈസയൊരു പ്രശ്നം തന്നെയല്ലേ കുഞ്ഞേ...ഇരുനൂറ്റമ്പതൊക്കെ എപ്പളോ തീർന്നില്ലേ, എന്നിട്ടും ഞാനെന്തോരം പറഞ്ഞു." ലൈല തന്റെ ഉദാരമനസ്സ് തുറന്നു.

"എനിക്കെന്തോ നടന്നോ ലൈ



ലാ?" ഭാഗി കെഞ്ചി. അയാൾക്ക് സത്യത്തിൽ നിരാശയും സങ്കടവും വരുന്നുണ്ടായിരുന്നു. നാട്ടുകാര് മുഴുവൻ ഭാർഗവൻ സാറെന്ന പേര് പതിച്ചുതന്നതുകൊണ്ട് മാനംമര്യാദമായി യാതൊരു വിജൃംഭനവുമില്ലാതെ കഴിഞ്ഞുകൂടുമ്പോളാണ് അതിരഹസ്യമായി ലൈലയുടെ നമ്പർ കിട്ടിയത്. കിട്ടിയ വഴി കൊന്നാലും പറയില്ല. പറഞ്ഞാൽ വേറെ തൊല്ലയാണ്. എന്നിട്ടിപ്പോ ലൈല ഇട്ടേച്ച് പോവുന്നെന്ന്, അതും ഒരുചേതവുമില്ലാതെ!

"ഭാഗീ, ഞാൻ ഒരു കാര്യം ചെയ്യാം യൂത്തന്മാരെ ഡീല് ചെയ്തിട്ട് വിളിക്കാം. ഉറങ്ങാതിരുന്നാൽ മതി. എന്റെ വക ഫ്രീയാണ് അതുപോരെ." ലൈല മധുരമായി സമാധാനിപ്പിച്ചു.

"പോര. അവന്മാരുടെ കാശ് തിരിച്ച് കൊടുത്തേക്ക്. ആളൊന്ന്ക്ക് ആയിരം വച്ച് മുവ്വായിരം ഞാൻ ഇപ്പോ ഇടാം." ഭാഗി ശഠിച്ചു.

അത് വേണ്ട അതെനിക്ക് നഷ്ടക്കച്ചോടമാ. ലൈല കെറുവിച്ചു. അവന്മാരെ വല്ലവളും കൊണ്ടുപോകും. പിന്നെ അതൊന്ന് ചാലു ആയാൽ അരമണിക്കൂറിന് ഇരുനൂറ്റമ്പത് വെച്ച് വയറിളകിയ പശു തൂറ്റണപോലെ കാര്യം സാധിപ്പിക്കണ്ടാലോ. ആഴ്ചയിലൊന്ന് കണക്കിന് അങ്ങനത്തെ ഒരൊറ്റ പാള് കിട്ടിയാ മതി ലൈലയ്ക്ക്. അതുകൊണ്ട് ഭാഗീ, അത് ഞാൻ വിടാമ്പോകുന്നില്ല.

ഭാഗി ആകെ നിരാശനായി. അയാൾക്ക് നെഞ്ചെരിച്ചിൽ വന്നു. വായിലേക്ക് തികട്ടി വന്ന പുളിവെള്ളം അയാൾ തുപ്പാൻ മെനക്കെടാതെ ഇറക്കി.

"ലൈലാ അക്കൗണ്ട് നോക്ക്, മുവ്വായിരം കയറീട്ട്ണ്ട്. യൂത്തന്മാരേത് തിരിച്ചുകൊടുത്തേക്ക്. ഇന്ന് ഫുൾ നൈറ്റ് ഒരാളെടുത്തൂന്ന് പറ." ഭാഗി വീറോടെ പറഞ്ഞു.

"മൂവായിരം ഉലുവയ്ക്കോ, ലൈലേടെ ഫുൾ നൈറ്റോ? ഭാഗിയ്ക്കൊന്നും ഇനിയും നേരം വെളുത്തില്ലേ?" അടിച്ചമർത്തൽ പ്രസ്ഥാനം ഓർമ വന്നതും ലൈല മുരണ്ടു.

"ലൈലാ എനിക്കറിയാത്തതുകൊണ്ടല്ലേ, എത്രവേണം പറ, പ്ളീസ്..."ഭാഗി നിലവിളിച്ചുപോയി.

"തല്ക്കാലം യൂത്തന്മാരുടെ മൂവായിരം റീഫണ്ട് ചെയ്യാം. ന്നിട്ട് മണിക്കൂറിനനുസരിച്ച് ഇനി നാനൂറ് വച്ച് തരണം, മൂവായിരത്തിന് പൊറമേ",ലൈല ഒരു മയവുമില്ലാതെ പറഞ്ഞു.


ഭാർഗവൻവാധ്യാര് കണക്കു കൂട്ടി നോക്കി. സമയം ഒമ്പതര, എട്ടരയ്ക്ക് തുടങ്ങി. ഇനിയങ്ങോട്ട് ഒരു മണിക്കൂറിന് നാനൂറ്. അരമണിക്കൂർ ഇപ്പോൾ ഫ്രീയായി കിട്ടി. കഴിച്ചിട്ട് ഒരു പന്ത്രണ്ടരവരെ നാനൂറ് വീതം പ്ളസ് മൂവായിരം സമം. 3000+ 1200+ ആദ്യത്തെ 250=4550. പോട്ടെ, വെറുതെയൊന്നുമല്ലല്ലോ. ഇനിയഥവാ ഉറങ്ങിപ്പോയാൽ അങ്ങനെ ഒന്നോ രണ്ടോ നാനൂറ് ലാഭിക്കേം ചെയ്യാം. ഇതൊന്നും എപ്പോളുമില്ലല്ലോ. ഇനിയങ്ങോട്ട് ഇടയ്ക്കൊക്കെയായിട്ട് അരമണിക്കൂറിലൊപ്പിക്കാം. അടുത്ത പ്രാവശ്യം ആളെ ഒന്ന് മാറ്റിപ്പിടിക്കാൻ കിട്ടുമോന്നും അന്വേഷിക്കണം. പെൻഷനല്ലേ, ഒന്നുമയത്തിലൊക്കെ വേണം. അല്ലേൽ പൈസ കുറച്ചുതര്വോന്ന് ചോദിക്കണം. ഇപ്പോ വേണ്ട. ഇന്നങ്ങനെ പോട്ടെ.

"നിന്റെ അക്കൗണ്ട് നോക്ക് നാനൂറ് കയറിയോന്ന്. നെറ്റ് സ്ലോയാണ് ഇവിടെ."

"നാനൂറ് ഓ.കെ ഭാഗീ," ലൈല പതുക്കെ പറഞ്ഞു.

അപ്പോൾ ഇന്ന് രാത്രി നീയെന്റെ ദ്രൗപദി. എത്രാമൂഴമാ?

അപ്പോൾ കാച്ചിവിട്ട നുണയിൽ തേനിൽ ഉറുമ്പെന്നപോലെ വീണുപോയ നിഷ്കളങ്കനായ വാധ്യാർ ഭാർഗവനോട് സത്യം പറയണമെന്ന് ലൈലയ്ക്ക് തോന്നിപ്പോയി. ഒരു യൂത്തനുമില്ല, കൂത്തനുമില്ല. അഞ്ചാറ് ദിവസമായി ഒരു പാളും കി



ട്ടാണ്ട്. കഴിഞ്ഞ ദിവസം ഗ്രൂപ്പ് കോളെന്നും പറഞ്ഞ് മൂന്ന് പേര് വിളിച്ചു. ആളൊന്നിന് ആയിരം വച്ച് പറഞ്ഞപ്പോൾ പൈസയിട്ട് സ്ക്രീൻ ഷോട്ട് എടുത്തയച്ചുതന്നു. മൂവ്വായിരം എന്നൊക്കെ കണ്ടതാ. ബാക്കിയൊന്നും നോക്കീല. കളി പാതിയായപ്പോ, അവന്മാർക്ക് ഏതാണ്ടൊക്കെയായപ്പോ ആന്റി പോരാ, ഇനിയും മെച്ചപ്പെടാനുണ്ട് എന്നും പറഞ്ഞ് കുറേ വീഡിയോ അയച്ചുതന്ന് ഇറങ്ങിപ്പോയി. അക്കൗണ്ട് നോക്കിയപ്പോൾ കാശൊന്നും എത്തീട്ടില്ല. മൂവായിരത്തിന്റെ സ്ക്രീൻ ഷോട്ട് പറ്റിപ്പായിരുന്നെന്ന് അപ്പോളാണ് മനസ്സിലായത്. അതിനുശേഷം ലൈല എല്ലാം നോക്കിയിട്ടേ ആളെയെടുക്കൂ. പോരാത്തതിന് കാശ് വരുന്ന അക്കൗണ്ടിൽ നിന്ന് അപ്പോൾ തന്നെ സ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിലേക്കു മാറ്റും. ഈയാഴ്ച ആകെ വീണത് ഒരു ഇരുനൂറ്റമ്പതാണ്. കയ്യിലതേയുള്ളൂ എന്ന് എല്ലാം കൊണ്ടും ദരിദ്രനായ അയാൾ ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരുന്നു. ഒരുജാതിക്കൂടി തീർപ്പുണ്ടാക്കി വിട്ടേച്ചു. പിന്നെ രാവും പകലുമില്ലാതെ മിസ്ഡ്കോൾ വന്നുകൊണ്ടേയിരുന്നു. എസ്.ഐ ഉണ്ണിക്കിടാവ് സാറാണ് പരിഹാരമാക്കിത്തന്നത്. ഒറ്റത്തവണയേ വിളിച്ചുള്ളൂ, സാറേ ലൈലയാ. ഒരുത്തൻ എടങ്ങേറാക്കുന്നുണ്ടേ. നമ്പർ ഞാൻ വാട്സാപ്പ് ചെയ്യാം. പിന്നെയവൻ ഉണ്ണിസാറിന്റെ മുമ്പിൽ എലിവിറയ്ക്കും പോലെ വിറച്ചിരിക്കുന്ന വീഡിയോ ആണ് കിട്ടിയത്.

വാധ്യാര് ആള് ശുദ്ധനാണ്, നല്ല സ്നേഹത്തിന്റെ കുറവുണ്ട്. പറ്റിക്കണോ വേണ്ടയോ എന്ന് നിനക്ക് തീരുമാനിക്കാം ലൈലാ...ഉള്ളിൽ നിന്നാരോ വിളിച്ചുപറയുന്നുണ്ട്. കയ്യിൽ വന്ന കായ് കളയാനും തോന്നുന്നില്ല. ചക്കച്ചൊള ഇരിഞ്ഞിടുന്നപോലെ, പറയുന്നതിന് മുമ്പ് കാശിട്ടത് ഉള്ളത് കൊണ്ടായിരിക്കൂലേ, ഉള്ളവനോടല്ലേ വാങ്ങാൻ പറ്റൂ. അതവിടെത്തന്നെ കിടക്കട്ടെ. എത്രദിവസം കൂടീട്ടാണ് ഇങ്ങനൊന്ന്.

അകത്തേയ്ക്കോടിവന്ന പെൺകുട്ടിയോട് ലൈല തലയാട്ടിക്കൊണ്ട് പോ പോ എന്നാംഗ്യം കാണിച്ചു.

"അപ്പോ നമ്മൾ നിർത്തിയത് പങ്കൻ മാഷിന്റെയടുത്തല്ലേ."

"എനിക്ക് പങ്കനെ കേൾക്കണ്ട, ഭാഗി ചൊടിച്ചു."

"കുഞ്ഞേ...ഞാൻ പറയാന്ന് നിരീച്ചുപോയില്ലേ, പങ്കൻ മാഷാണേൽ

> "ഹമ്മേ...ലൈലാ നീ വലിയ വാക്കുകൾ പറയുന്നു. സത്യം പറ അത് പുനത്തിലല്ലേ? മൂപ്പർക്ക് പേര് പറയുന്നതിലൊന്നും ഒരു കുഴപ്പവുമില്ലാന്നാ ഞാൻ കേട്ടത്. അരാജകവാദിയെന്ന് പറയൂലേ, അതായിരുന്നല്ലോ."

ഓർമേൽ വന്നുംപോയി."

"എന്നാ പറ. ഒരു മിനിട്ടേ... ഞാൻ സമയം നോക്കട്ടെ. അടുത്ത നാനൂറ് ഇടാനുള്ളതല്ലേ." വല്ല ഇളവും കിട്ടുമോന്നറിയാൻ ഭാഗി അടവിറക്കി.

ലൈലയ്ക്ക് അയാളുടെ ആത്മാർഥതയിൽ അലിവ് തോന്നി. അതൊന്നും നോക്കണ്ടപ്പാ, ഞാമ്പറയുമ്പോ ഇട്ടാ മതി. ലൈല സ്നേഹത്തോടെ പറഞ്ഞു. ഇതൊക്കെ ആർക്കും വെലകൊടുത്ത് കൊടുക്കാനും വാങ്ങാനും കഴിയുന്നതിനും അപ്പുറത്തെ സംഗതിയാ മാഷേ...

"ലൈലാ, നീയെന്നെ അങ്ങനെ വിളിച്ചാ മതി, മാഷേന്ന്. ഭാഗീ, കുഞ്ഞേ എന്നൊക്കെ കേൾക്കുമ്പോൾ എന്തോമാതിരിയാണ്."

"അതാണ്. നമ്മള് വിളിക്കേണ്ടത് സമയാവുമ്പോ നമ്മളെ നാവ് പറഞ്ഞുതരും." ലൈല പൊട്ടിച്ചിരിച്ചു.

പാദസരം കിലുങ്ങുന്ന പോലെ... മാഷ് അത് പറഞ്ഞതും ലൈല ചിരിച്ചു. വീണ്ടും പങ്കൻ മാഷിന്റെ ഉപമ!

"പങ്കനെപ്പറ്റി പറ." ഭാഗി തന്റെ കുലസ്നേഹം പുറത്തുകാട്ടി.

"നാനൂറ് ഇട്ടോ", ലൈല കളിയായി ചോദിച്ചു.

"നോക്ക്," മാഷ് അല്പം അധികാരത്തോടെ പറഞ്ഞു. ലൈല അക്കൗണ്ടിലേക്കു നോക്കി, ആദ്യത്തെ ഇരുനൂറ്റമ്പത്, പിന്നൊരു മൂവായിരം, അല്പം മുമ്പൊരു നാനൂറ്. മൂവായിരത്തിന്മേലൂടെ ലൈല വിരലുകളോടിച്ചു. എന്തോ ഒരു വർക്കത്തില്ലാത്ത അക്കങ്ങൾ പോലെ തോന്നി അവൾക്ക്.

ഒമ്പതിലാണ് പങ്കമ്മാഷ് മലയാളം പഠിപ്പിച്ചത്. മലയാളമെന്നാൽ വെറും നോട്ടെഴുത്ത് മാത്രം. പെങ്കുട്ടികളുടെ അടുത്തുന്ന് പോകൂല. ഞാൻ എവിടെ ഇരുന്നാലും എന്നെ എഴുന്നേല്പിച്ച് ഏതെങ്കിലും ഒരു ബെഞ്ചിന്റെ അറ്റത്ത് കൊണ്ടിരുത്തും, അവിടെ തിങ്ങിയിരിക്കണ്ടാന്നും പറഞ്ഞ്. എന്നിട്ട് എഴുതുന്നത് നോക്കാനെന്ന മട്ടില് പുറത്തേക്ക് ചാരും. തോളിലേക്ക് അയാൾടെ ഉരപ്പ് തുടങ്ങും. നോട്ട് ബുക്കില് തിരുത്തുന്ന മട്ടില് കൈ നെഞ്ചത്തു തട്ടിക്കൊണ്ടിരിക്കും. പങ്കൻ ഒരു എടങ്ങേറ് തന്നെയായിരുന്നു. എഴുതാനുള്ളത് പലവട്ടം പറയുന്ന ശീലമുണ്ടായിരുന്നു കുരിപ്പിന്. അപ്പോൾ എന്റടുത്തേക്ക് വരാതിരിക്കാനായി ഞാൻ പുസ്തകം ആദ്യം പഠിച്ചുവെക്കും. അയാളെക്കൊണ്ട് ആകെണ്ടായ കൊണം അതാണ് മന്ദാക്രാന്താ മഭനതതഗംനാലുമാറേഴുമായ്ഗം!

"ലൈലാ..." മാഷ് ദയനീയമായി വിളിച്ചു. "ഞാനും അങ്ങനെയൊക്കെ ചെയ്തിട്ടുണ്ടാവുമോ?"

"അത് നിങ്ങക്കല്ലേ പഹയാ അറിയ? ഉണ്ടേൽ ഏതെങ്കിലും പെണ്ണ് ഉറങ്ങുന്ന ഉറക്കത്തും പ്രാകുന്നുണ്ടാവും. പടച്ചോനേ അയാളെത് ഒരു കാലത്തും പൊങ്ങാതെ കൊയഞ്ഞ് പോകണേന്ന്."

ലൈലാ, ദുഷ്ടത്തരം പറയാതെ. ഭാഗി നിലവിളിച്ചുപോയി.

"സത്യാണ്. ഞാനങ്ങനെ നേർന്നതിന്റെ ആറാം നാളല്ലേ പങ്കമ്മാഷിന്റെ പെണ്ണുങ്ങളേം ഡ്രില്ലിന്റെ മാഷേം കൂടി പൊരേന്ന് ആൾക്കാര് പൂട്ടിക്കളഞ്ഞത്. എന്റെ ഉമ്മാക്ക് പാളുണ്ട് എന്ന് പങ്കനോട് ആരോ പറഞ്ഞിട്ടുണ്ടാകും. അതാണ് അയാള് മോശം കാണിച്ചത്."

"ലൈലാ പാളെന്ന് പറയുന്നതെന്താ."

"അതെന്താന്നൊക്കെ ചോദിച്ചാലെനിക്ക് പറയാനറിയൂല. പാളിന് പോയേക്കുവാന്ന് പണ്ട് മുതലേ കേൾക്കാം. പിന്നെ ഞാമ്പോയിത്തുടങ്ങിയപ്പോളും പാളെന്നാണ് എല്ലാരും പറഞ്ഞതും കൂട്ടിക്കൊണ്ടോയതും."

"ലൈലാ...നല്ലകാലത്തെങ്ങാനും കണ്ടിരുന്നേൽ ഞാനെന്റെ ജീവിതത്തിലേക്ക് കൂട്ടിയേനെ, എന്റെ മക്കളുടെ അമ്മയായിട്ട്." മാഷ് നമ്പരിറക്കി.

ലൈല പൊട്ടിച്ചിരിച്ചു, മാഷ് ഞെട്ടി.

"എന്റെ മാഷേ, തൊണ്ണൂറ്റി രണ്ടിലെ ഡി.വൈ.എസ്.പി അശോക് കുമാർ, എം.എൽ.എ നാസറ്, പിന്നെ പേര് ഒരിക്കലും പറയില്ല എന്ന് ആണയിടീച്ച സാഹിത്യകാരൻ ഇവരെല്ലാം ഇതേ ഡയലോഗ് പറഞ്ഞതാ. വള്ളിപുള്ളി മാറ്റമില്ലാതെ. മലയാളത്തിൽ ഇങ്ങനെ റെഡിമെയ്ഡ് ആയിട്ടുള്ള വാചകങ്ങൾ ഇനിയെത്രണ്ടാകും മാഷേ? ങ്ങക്ക് ഒന്നു നോക്കിയാലോ? മരിച്ചാലും മറക്കില്ല, കരളിന്റെ കരൾ, ജീവന്റെ പാതി, നെഞ്ചിലെ ഹൃദയം, അണ്ണാൻകുഞ്ഞിന്റെ വര...ന്നെക്കൊണ്ട് എണ്ണിക്കല്ലേ പൊന്നുമാഷേ."

ഭാഗി വീണ്ടും തളർന്നു. സംഗതി പിടിവിട്ടു പോകുന്നു. ലൈല വിചാരിച്ച ലെവലല്ല.

"മാഷേ ഇങ്ങള് ഒറങ്ങിപ്പോയോ?" അപ്പുറത്ത് അനക്കം കേൾക്കാതായപ്പോൾ ലൈല മുവ്വായിരത്തെയോർത്തു.

"ഇല്ല ഞാനൊന്ന് മൂത്രമൊഴിക്കാൻ പോയതാ."

"മൂത്രമൊക്കെ നല്ലോണം പോകുന്നുണ്ടല്ലേ ഇപ്രായത്തിലും. എന്റെ മൂത്രവള്ളിയാക്കെ എന്നോ പൊട്ടിത്തൂങ്ങിപ്പോയതാ." ലൈല പറഞ്ഞു.

"അപ്പോൾ പാള് തുടങ്ങിയതെപ്പളാന്നല്ലേ," ലൈല കിടന്നകിടപ്പിൽ ഒന്നു മൂരിനിവർന്നു. കക്കരെക്കാട് എ.യു.പി സ്കൂളിലേക്ക് വയല് കടന്ന് വേണം പോകാൻ. വയലിൽ വരമ്പ് കിളക്കുന്ന ചന്തുവാശാൻ ഇരുപത്തഞ്ച് പൈസ തന്നു ഒരിക്കല്. ഉമ്മക്കുട്ട്യോ മുട്ടായി വാങ്ങിക്കോന്നും പറഞ്ഞ്. റേഷനരി വല്യുമ്മ മൊറത്തിലിട്ട് ചേറിച്ചേറി നാല് തരമാക്കും. അതിൽ മൂന്നാമത്തെ തരം കൊണ്ടുണ്ടാക്കിയ കഞ്ഞി കുടിച്ചിട്ടാണ് സ്കൂളിൽ പോക്ക്. ആങ്ങളയ്ക്ക് വേറെ കൂട്ട്, എനിക്ക് വേറെ കൂട്ട്. പൂച്ചക്കണ്ണ് എനിക്കുമാത്രമേയുള്ളൂ അന്നാട്ടില്. പോരാത്തതിന് അറബീന്റെ വെളുപ്പും. ചന്തുവാശാൻ നീട്ടിയ കാശ് വാങ്ങാൻ പോയപ്പോൾ മൂപ്പര് പാവാട പൊക്കിക്കാണിച്ചു കൊടുക്കാൻ പറഞ്ഞു. ഞാൻ പാവാട പൊക്കിക്കൊടുത്തു, മൂപ്പരൊരു ഉമ്മ വച്ചു. ഇരുപത്തഞ്ച് പൈസേം തന്നു. അതുകൊണ്ട് അഞ്ച് സൂര് മുട്ടായി വാങ്ങി.

പിറ്റേന്ന് ആശാൻ അമ്പത് പൈസ തന്നു. രണ്ടുമ്മയും. നാല് ദെവസം അമ്പത് പൈസ കൂട്ടി വച്ച് മൊയ്ത്യാപ്ളയോട് രണ്ടുർപ്യയ്ക്ക് മത്തി വാങ്ങി വല്യുമ്മാക്ക് കൊണ്ടക്കൊടുത്തു. അതിന്റെ നെയ്ക്കൊടലെടുത്ത് ചട്ടീലിട്ട് മെഴുക്കുണ്ടാക്കി പകുതി വല്യുമ്മ പൊരിച്ചു തന്നു, പകുതി കറീം വച്ചു. ഏട്ന്ന് കിട്ടി പൈസ, ആര് തന്ന് പൈസ എന്നൊന്നും ആരും ചോദിച്ചില്ല. വല്യുമ്മാന്റെ കൈ കാണുമ്പോൾ കൊരങ്ങനെ ഓർമവരും. അങ്ങനെയാണ് കയ്യും കാലും. പൂച്ചക്കണ്ണും വെള്ളക്കളറും കൊണ്ട് ഞാൻ പള്ളേം കൊടലും തമ്മിൽ ഒട്ടിപ്പോകാണ്ടിരിക്കാൻ പറ്റുന്ന പണികളെല്ലാം പയറ്റി.

വല്യൊരു ലാറ്റിനമേരിക്കൻ മൂപ്പരില്ലേ, എന്തായിര്ന്ന് പേര്?കിട്ടുന്നില്ല, മറന്നുപോയി. ഇതുപോലൊരു വല്യുമ്മായും മോളും കൂടി നാടുനാടാന്തരം നടക്കുന്നത്. കുട്ടീന്റെ അശ്രദ്ധകൊണ്ട് കെടക്കുന്ന പൊര കത്തിപ്പോയി. പുതിയതൊന്ന് ഉണ്ടാക്കാനുള്ള പൈസയ്ക്കായി ദിവസം എൺപതാളുകളോടൊപ്പം കെടക്കുന്ന കഥ. അതിന്റെ മൂത്രവള്ളിയൊക്കെ ഏതുകാലം, എന്തവസ്ഥയിലായിട്ടുണ്ടാകും ല്ലേ, മാഷേ...

ഏതോ ചിന്തയിൽ ഭാഗി മൂളി.

അതൊക്കെ വായിച്ചിട്ടുണ്ടോ?

എവടെ! ഞാനോ? ങ്ങളെ കാലു പിടിക്കുന്ന സാഹിത്യകാരനില്ലേ, ആരോടും പേര് പറയരുത് എന്ന് നൂറ് പ്രാവശ്യം പറയുന്ന മൂപ്പര് പറഞ്ഞു തന്ന കഥയാണ്. നല്ല രസാണ് മൂപ്പരുടെയടുത്ത്. കുറേ ഭക്ഷണം കഴിപ്പിക്കും പിന്നെ കണ്ണും മുഖവും നെറ്റിയും തലയുമൊക്കെ തലോടും. നല്ല സാരി വാങ്ങിത്തരും. മാഷ് ദ്രൗപദിയെപ്പറ്റി പറഞ്ഞപ്പോൾ ഞാൻ മൂപ്പരെ ഓർത്തു. ദ്രൗപദി, ഭീമനോട് കീചകവധം പറയാൻ ആവശ്യപ്പെടുന്നില്ലേ, ഓളെ സെക്സ് മുഴുവനായും അനുഭവിച്ചത് ഭീമനാണ് പോലും. ഭീമൻ കഥകൾ പറഞ്ഞ് പറഞ്ഞ് പെണ്ണിനെ പിരികേറ്റും. ഓളെ പല്ലാണ് രസം. അരിമുല്ലമൊട്ടുപോലെയാണ്. അതുകൊണ്ടൊരു കടിയുണ്ടത്രേ. ഭീമൻ ഒക്കെ നിസ്സാരനായിപ്പോകുന്ന ദന്തദംശനം.

"ഹമ്മേ...ലൈലാ നീ വലിയ വാക്കുകൾ പറയുന്നു. സത്യം പറ അത് പുനത്തിലല്ലേ? മൂപ്പർക്ക് പേര് പറയുന്നതിലൊന്നും ഒരു കുഴപ്പവുമില്ലാന്നാ ഞാൻ കേട്ടത്. അരാജകവാദിയെന്ന് പറയൂലേ, അതായിരുന്നല്ലോ."

"പുനത്തിലുമല്ല, പനച്ചൂരാനുമല്ല. ആരാന്ന് പറഞ്ഞും തരൂല." ലൈല കെറുവിച്ചു.

"ലൈലാ എനിക്ക് ഭീമനാകണം." ഭാഗിയുടെ നാവ് കുഴയുന്നതുപോലെ തോന്നി ലൈലയ്ക്ക്.

"മാഷ് ഉറങ്ങുന്നുണ്ടോ ഇടയ്ക്ക്?" ലൈല ചോദിച്ചു.

"ഇങ്ങള് ഭീമനാവുമ്പോൾ ഞാൻ ദ്രൗപദിയാകണമല്ലേ?"

"അല്ല, ഹിഡുംബിയായാൽ മതി."

"അത് പൊളിക്കും. ഹിഡുംബി ആളൊരു മൊതലായിരുന്നു." ഭീമൻ സത്യത്തിൽ അടിയറവ് പറഞ്ഞിട്ടുണ്ടാവുക ഹിഡുംബിയ്ക്ക് മുന്നിലായിരിക്കും. ആ പെണ്ണിന്റെ മുലയൊക്കെ കണ്ട ഭീമന് ദ്രൗപദിയൊക്കെ എന്ത്!

തലയിലും മുലയിലുമൊന്നുമല്ല ലൈലാ കാര്യം. ഹിഡുംബിയ്ക്ക് ഭീമനോട് വല്യ ആത്മാർഥതയായിരുന്നു.

ലൈല ഒന്നും മിണ്ടിയില്ല.

അല്പ സമയം കഴിഞ്ഞ് അവൾ പറഞ്ഞു:  ഇതൊക്കെ ഇത്തിരി നേരത്തേക്കുള്ള ഏർപ്പാടല്ലേ മാഷേ... ആത്മാർഥത എന്നൊക്കെ പറഞ്ഞ് വിഷമിപ്പിക്കല്ലേ.

"ലൈലാ...നീയെവിടാ താമസം? ഞാനങ്ങോട്ട് നാളെ വരട്ടേ നിന്നെ കൂട്ടാൻ. കുറച്ച് ദിവസം എന്റെ കൂടെ വന്ന് താമസിക്കുമോ?" ഭാഗിയ്ക്കങ്ങനെ പറയാൻ തോന്നി.

"ഇതൊക്കെ ഒന്നും കൂടി മൂത്രമൊഴിച്ച് പോയി കിടന്നുറങ്ങി രാവിലെ എണീക്കുമ്പോളേക്കും മാറിക്കോളും." ലൈല ചിരിയടക്കിപ്പിടിക്കുന്നതുപോലെ തോന്നി ഭാഗിയ്ക്ക്.

ഭാഗിയ്ക്കെന്തോ ലൈലയുടെ ഒപ്പമിരിക്കാൻ സത്യമായും ആത്മാർഥമായും തോന്നിയിരുന്നു.

"ഇന്നലെ വരെ നേരത്തിനും കാലത്തിനുമുള്ള ആസ്പിരിൻ ഗുളികേം കഴിച്ച് കിടന്നുറങ്ങിയ ആളല്ലേ. ഇന്നിപ്പോ അന്തിപ്പാതിരാ ആയിട്ടും കാലൻ കോഴി കൂവിയിട്ടും ഉറക്കത്തിന്റെ ലാഞ്ജനപോലുമില്ല." ലൈല കളിയാക്കി.

"ലൈലാ നീയും കേട്ടോ കാലൻ കോഴി കൂവിയത്? അപ്പോൾ നമ്മൾ അടുത്തടുത്താണല്ലോ." ഭാഗിയ്ക്ക് ഉത്സാഹം കൂടി.

അല്ല, മാഷ് അക്കരെയാണ്.

അതെങ്ങനെ മനസ്സിലായി?

"ഇവിടത്തെ കാലൻ കോഴി ഒന്നു കൂവാനാഞ്ഞതും പിന്നെ നിർത്തിക്കളഞ്ഞു. അപ്പോൾ അക്കരെ നിന്നും കൂവൽ കേട്ടു. പിന്നെ മറുകൂവല് തുടങ്ങി." ലൈല തികഞ്ഞ പക്ഷിനിരീക്ഷയെപ്പോലെ പറഞ്ഞു.

എനിക്കതിനെ പേടിയാണ് ലൈലാ.

"അതൊരു ചെറിയ കിളിയാണ് മാഷേ. വല്യുമ്മച്ചി നെടൂളാൻ എന്നാണ് പറയുക. ഒരിക്കല് ഒന്ന് ഞങ്ങളെ മുറ്റത്തെ ഉപ്പൂത്തിയുടെ ചുവട്ടിൽ ചത്തുകിടക്കുന്നുണ്ടായിരുന്നു. അതിന്റെ തൂവല് ഒരെണ്ണം ഞാൻ എടുത്തുവച്ചത് ഇപ്പളും കാണണം."

ലൈലാ, ഞാനതിനെ കണ്ടിട്ടില്ല.

"കാണുന്നതുവരെയുള്ളൂ എല്ലാം. കണ്ടുകഴിഞ്ഞാൽ പോയി. ലൈലയെയും നെടൂളാനെയും മാഷിന് ഒരിക്കലും കാണാൻ കഴിയാതെ പോട്ടെ!"

ലൈല കുണുങ്ങിച്ചിരിച്ചു. ങ്കക്ക് പരിപാടി തുടങ്ങണ്ടേ? മാഷിന്റെ സമയവും കായും പോകൂട്ടോ. ഞാനിങ്ങനെ പറഞ്ഞോണ്ടിരിക്കും. വാങ്ങിവച്ച മൂവായിരം എരണ്ടക്കെട്ടു പോലെ ലൈലയുടെ മനസ്സിന് ദഹിക്കാതെ കിടക്കുന്നുണ്ടായിരുന്നു.

എളാപ്പയാന്നൊക്കെ പറഞ്ഞ് ഉമ്മയൊരാളേയും കൂട്ടി വന്ന് പൊരേൽ. രാജേഷ് എളാപ്പ. മൂപ്പര് നല്ലണം പൈസ തരും മുട്ടായി വാങ്ങാൻ. കവറടക്കമാണ് മുട്ടായി തീറ്റി. അങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ തൊടങ്ങി എരണ്ടക്കെട്ട്. തൂറണം, തൂറണ്ട. പെറാൻ വരുന്ന അതേ അവസ്ഥ. വല്യുമ്മാന്റെ വെളുത്തുള്ളി ചുട്ടതിനെക്കൊണ്ട് കൂട്ട്യാക്കൂടാതായപ്പോൾ താലൂക്കാസ്പത്രീൽ പോയി. ഒരു ചോന്നവെള്ളം കിടത്തി കുടിപ്പിച്ചു, പിന്നെ മൂലത്തിലൂടെ ഒരു പൈപ്പു കയറി ഒപ്പം സോപ്പു വെള്ളം പോലൊരു വെള്ളവും. ആമാശയം നയിച്ച് കൊയങ്ങി ഒഴിവാക്കിത്തള്ളിയ പ്ളാസ്റ്റിക് കവറുകൾ അതാ തുരുതുരാ വരുന്നു!

അതീപ്പിന്നെ ലൈല മുട്ടായി തിന്നിട്ടില്ല. പിന്നെ കൊടല് പിരിഞ്ഞതും കൊണ്ട് കുറേ കളിച്ചു. അപ്പോളേക്കും നമ്മുടെ ഉദ്യോഗത്തിലേക്ക് കയറിക്കഴിഞ്ഞിട്ടുണ്ട്. പിരിഞ്ഞേടത്തു വച്ച് ഡോക്ടറ് ഒരു മുറിയങ്ങ് മുറിച്ചു. പിന്നെ ഒന്നും തിന്നൂടാതായി. തിന്നാതേം കുടിക്കാതേം ഒണങ്ങിപ്പോയാൽ ഇപ്പണിക്ക് പറ്റൂലല്ലോ. പിടിച്ചു നിന്നു. ഇടയ്ക്കിടെ കക്കൂസിൽ പോകണം. കക്കൂസിൽ പോകാൻ മുട്ടിക്കൊണ്ട് സെക്സ് ചെയ്തിട്ടുണ്ടോ, അതും ആഹ് പോഹ് ഒച്ചപ്പാടോടെ? ഇടയ്ക്കു കയറി വന്ന സെന്റിമെന്റ്സിനെ പിടിച്ചുനിർത്താതെ അഴിച്ചുവിടുന്നതിനിടയ്ക്കാണ് 'കസ്റ്റമർ സാറ്റിസ്ഫാക്ഷൻ ഈസ് അവർ മോട്ടോ' എന്ന വാചകം അവളോർത്തത്.

അല്ല മാഷേ, നിങ്ങളെ പൈസയും വാങ്ങി ഞാനിങ്ങനെ കാണ്ഡം കാണ്ഡം പറഞ്ഞോണ്ടിരിക്കുമ്പോൾ പൈസതന്ന ചൂടിൽ ഒന്നു മിണ്ടിക്കൂടെ, അതിനാവൂലേൽ മൂളിക്കൂടെ? അപ്പുറത്ത് ആളനക്കമില്ലാതായപ്പോൾ അവൾക്ക് ദേഷ്യം വന്നു.

മറുപടിയില്ല! ഉറങ്ങിപ്പോയോ, ഇതെന്തൊര് പഹയൻ വാധ്യാരാണ്? ലൈല പിറുപിറുത്തുകൊണ്ട് ഫോൺ കട്ട് ചെയ്ത് ഒന്നു കൂടി വിളിച്ചു. ബെല്ലടിക്കുന്നുണ്ട്, എടുക്കുന്നില്ല.

കിടന്നകിടപ്പിൽ ഒന്നു ചെരിഞ്ഞപ്പോൾ യൂറിൻ ട്യൂബ് വലിഞ്ഞു. വേദനയോടെ അവൾ വിളിച്ചു: "കുട്ട്യേ മേമേന്റെ കാലൊന്ന് നേരെയാക്കിത്തരീ."

പെൺകുട്ടി വന്ന് ലൈലയെ നേരെ കിടത്തിയിട്ട് ഉറക്കച്ചടവോടെ പറഞ്ഞു: "മേമ വേഗം ഒറങ്ങ്, ഇനി വിളിക്കല്ലേ, ഒറക്കപ്രാന്തില് അനക്ക് വരാനാകൂല."

ലൈല പെൺകുട്ടിയെ മൈൻഡു ചെയ്യാതെ ഭാഗിയുടെ ഫോണിലേക്ക് വിളിച്ചുകൊണ്ടേയിരുന്നു. അയാളുറങ്ങിപ്പോയോ, അതോ ഉറക്കമൊഴിഞ്ഞ് വല്ല അറ്റാക്കും വന്നുകാണുമോ? നെടൂളാൻ കൂവാനൊരുങ്ങിയതും ലൈല കിടുകിടുത്തുപോയി. അവൾ ചൂണ്ടുവിരലും നടുവിരലും കണ്ണിനുനേരെ ഉയർത്തിപ്പിടിച്ചു. ഇതിലേതാണ് മരണം, ഏതാണ് ഉറക്കം?

